*Private circulation only*

# ഐ.ആർ.ടി.സി ന്യൂസ് ലെറ്റർ

IRTC **Newsletter**

*Science for social revolution*

2016 ഒക്ടോബർ - ഡിസംബർ | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | www.irtc.org.in | mail@irtc.org.in


പ്രിയ സുഹൃത്തുക്കളേ,

ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ വീണ്ടും ആരംഭിക്കുകയാണ്. ഐ.ആർ.ടി.സി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നടന്നിട്ടുള്ള ആലോചനകളിലെല്ലാം ഉയർന്നുവരുന്ന നിർദേശമാണ് കുറേക്കൂടി മെച്ചപ്പെട്ട ഡോക്യുമെന്റേഷൻ ഉണ്ടാകണമെന്നത്. പരിഷത്ത് പ്രവർത്തകരേയും സുഹൃത്തുക്കളേയും കേരളസമൂഹത്തേയും അറിയിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളും പരിപാടികളും ഐ.ആർ.ടി.സിയിൽ നടക്കുന്നുണ്ട്. അവ ശ്രദ്ധയോടെയും ക്രമമായും ഡോക്യുമെന്റ് ചെയ്യുന്നതിനും അറിയിക്കുന്നതിലും കാര്യമായ ശ്രദ്ധ നൽകിയിരുന്നില്ല. ഈ അവ സ്ഥയ്ക്ക് ഒരളവു വരെ പരിഹാരം കാണുന്നതിന് ശ്രമം തുടങ്ങിയിട്ടുണ്ട്. ഐ.ആർ.ടി.സി ലൈബ്രറി കൂടുതൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തുകയും കാറ്റലോഗ് ഡിജിറ്റൽ ആക്കാനും ഓൺലൈൻ സേർച്ചിനുള്ള സൗകര്യങ്ങൾ ഒരുക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ കുറേശ്ശെയായി പുരോഗമിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഐ.ആർ.ടി. സി വഴി ഏറ്റെടുത്തു നടത്തിയിരുന്ന പദ്ധതിനിർവഹണ പ്രവർത്തനങ്ങൾ ഒക്കെത്തന്നെ പി.ഐ.യുവിലേക്ക് കൈമാറിക്കഴിഞ്ഞതിനാൽ ഗവേഷണ-വികസന പ്രവർത്തനങ്ങളും പരിശീലനങ്ങളുമാണ് ഐ.ആർ.ടി.സിയിൽ ഇപ്പോഴുള്ള മുഖ്യപ്രവർത്തനങ്ങൾ. ഐ.ആർ.ടി.സിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനുള്ള മറ്റൊരു മാർഗം അതിന്റെ വെബ്സൈറ്റ് ആണ്. നിലവിലുള്ള വെബ്സൈറ്റ് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിയും കാലികമായ വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയും പുതുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

**ദേശീയ ശില്പശാല: കളിമൺഉല്പന്ന നിർമാണത്തിൽ ആധുനിക ശാസ്ത്രസാങ്കേതികവിദ്യ**



**സമത ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം നിർവഹിച്ചു**




**പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് കെട്ടിടത്തിൽ 40 കിലോ വാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു**



**മഴവെള്ളക്കൊയ്ത്തിനായി ഐ.ആർ.ടി.സിയുടെ ഗൃഹാടിസ്ഥാനത്തിലുള്ള ഫിൽറ്റർ യൂണിറ്റ്**



**'സുസ്ഥിര' അരി വിപണിയിൽ**




ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ തുടക്കത്തിൽ മൂന്നു മാസത്തിലൊരിക്കൽ എന്ന നിലയിൽ പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പ്രധാന വിവരങ്ങൾ ചേർത്താണ് ന്യൂസ്‌ലെറ്ററിന്റെ ആദ്യ ലക്കം തയ്യാറാക്കിയിട്ടുള്ളത്. ഈ കാലയളവിലെ എല്ലാ പ്രവർത്തനങ്ങളുടെ വിവരങ്ങളും ആദ്യലക്കത്തിൽ ഉൾപ്പെടുത്താനാവില്ല എങ്കിലും, പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടേയും പരിപാടികളുടേയും വിശദാംശങ്ങൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ആർ.ടി.സിയിലെതന്നെ പ്രവർത്തകരാണ് ന്യൂസ് ലെറ്ററിന്റെ അണിയറപ്രവർത്തനം നടത്തിയത്. ഐ.ആർ.ടി.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തുക എന്നത് വളരെ പ്രധാനമാണ്. അതിന് ന്യൂസ്‌ലെറ്റർ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അഭിവാദനങ്ങളോടെ,

ഡോ. എൻ.കെ. ശശിധരൻപിള്ള
ഡയറക്ടർ

## 40 KW ന്റെ സോളാർ പാനൽ സ്ഥാപിച്ചു

പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്ന സോളാർ പവർ പ്ലാന്റിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.



പാലക്കാട് ജില്ലാ സഹകരണ ബാങ്ക് കെട്ടിടത്തിനു മുകളിൽ
സ്ഥാപിച്ച സോളാർ പാനൽ

ബാങ്കു കെട്ടിടത്തിന്റെ മുകളിൽ 4000 ചതുരശ്ര അടി സ്ഥലത്ത് 40 KW വൈദ്യുതി ഉല്പാദനശേഷിയുള്ള പ്ലാന്റാണ് പൂർത്തിയായത്. ഇതോടെ 125 സോളാർ പാനലുകളിൽ നിന്നായി 160 യൂണിറ്റ് വൈദ്യുതി പ്രതിദിനം കേരളത്തിന്റെ വൈദ്യുത ഗ്രിഡിലേക്ക് പ്രവഹിച്ചു തുടങ്ങും. മലപ്പുറം ആസ്ഥാനമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന Enthinks-മായി സഹകരിച്ചാണ് നിർമാണ പ്രവൃത്തികൾ നടത്തിയത്.

## പാലക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതി പുരോഗമിക്കുന്നു

ഇന്ത്യയിലാദ്യമായിത്തന്നെ ഒരു ജില്ലാ പഞ്ചായത്ത് വൈദ്യുതോൽപാദന പദ്ധതി ആരംഭിച്ചത പാലക്കാട് ജില്ലയിലെ മീൻവല്ലത്താണ്. ഏറെ വിജയകരമായ ഈ പദ്ധതിക്കു ശേഷം ഐ.ആർ.ടി.സിയുടെ സാങ്കേതികസഹായ പിന്തുണയോടെ പാലക്കാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മറ്റൊരു വൈദ്യുതോൽപാദന പദ്ധതിയാണ് പാലക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതി. ഒരു മെഗാവാട്ട് പദ്ധതിയാണ് കിഴക്കഞ്ചേരി പഞ്ചായത്തിലെ പാലക്കുഴിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ പ്രവർത്തനം നേരത്തെ തന്നെ പൂർത്തിയായി. പാലക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണ ഘട്ടം മുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഘട്ടം വരെയുള്ള സാങ്കേതിക സഹായം നൽകുക എന്നതാണ് ഐ.ആർ.ടി.സിയുടെ ദൌത്യം. നിർമാണപ്രവർത്തികൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.




A Research and Development institution supported by DST, Govt of India and KSCSTE, Govt. of Kerala
**Supporting Students and Innovators since the 80's**

*Learn, Grow, Innovate and Transform*

സന്ദർശിക്കുക
www.irtc.org.in
www.kssp.in
www.luca.co.in



Natioanal Workshop on
## Modern Techniques in Traditional Pottery

# കളിമൺഉല്പന്ന നിർമാണത്തിൽ ദേശീയ ശില്പശാല


'പരമ്പരാഗത കളിമൺ ഉല്പന്ന നിർമാണത്തിൽ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ' എന്ന വിഷയത്തിൽ നവംബർ 21 മുതൽ 25 വരെ ഐ.ആർ.ടി.സി ക്യാമ്പസിൽ അഞ്ച് ദിവസത്തെ ദേശീയ ശില്പശാല സംഘടിപ്പിച്ചു. 50 പേർ പങ്കെടുത്ത പരിശീലന ക്യാമ്പിൽ സംസ്ഥാനത്തിനകത്തും പുറത്തു നിന്നുമായി എത്തിയ ഈ രംഗത്തെ വിദഗ്ധർ നേതൃത്വം നൽകി. കളിമൺഉല്പന്ന നിർമാതാക്കൾക്കും കലാകാരന്മാർക്കും ഒട്ടേറെ പുതുമകൾ സമ്മാനിച്ചാണ് ശില്പശാല അവസാനിച്ചത്.

നവംബർ 21ന് രാവിലെ 11 മണിക്ക് പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.ശാന്തകുമാരി ശില്പശാല ഉദ്ഘാടനം ചെയ്തു. ഗ്രാമീണ സാങ്കേതികവിദ്യയിൽ അഭിനന്ദനാർഹമായ ഒട്ടേറെ പരിപാടികൾ കേരളസമൂഹത്തിനു മുന്നിൽ അവതരിപ്പിച്ച പാരമ്പര്യമാണ് ഐ.ആർ.ടി.സിയ്ക്കുള്ളതെന്ന് അവർ പറഞ്ഞു. പരമ്പരാഗത കളിമൺ ഉല്പാദന രംഗത്തിന് കരുത്ത് പകരുന്നതാണ് പോട്ടറിവീലും പഗ്മില്ലും വികസിപ്പിച്ചത് ഉൾപ്പെടെയുള്ള ഐ.ആർ.ടി.സിയുടെ ഇടപെടലെന്നും അവർ അഭിപ്രായപ്പെട്ടു. മുണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.കെ.കുട്ടിക്കൃഷ്ണൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു.



പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.ശാന്തകുമാരി ശില്പശാല ഉദ്ഘാടനം ചെയ്യുന്നു

കളിമൺ ഉല്പന്ന നിർമാണത്തിലെ ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും, ഈ രംഗത്തെ ഐ.ആർ.ടി.സിയുടെ ഇടപെടലുകളെക്കുറിച്ചും ഐ.ആർ.ടി.യി മുൻ ഡയറക്ടറും DST പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ ഡോ.എം.ലളിതാംബിക തയ്യാറാക്കിയ പുസ്തകം സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൌൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ.സുരേഷ് ദാസ് പ്രകാശനം ചെയ്തു. മൺപാത്രനിർമാണ രംഗത്തെ പരമ്പരാഗത തൊഴിലാളികൾക്ക് വലിയരീതിയിലുള്ള പിന്തുണയാണ് ഐ.ആർ.ടി.സി നൽകിവരുന്നത് എന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ഡോ.എം.ലളിതാംബിക (പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, പോട്ടറി പ്രോഗ്രാം) ഐ.ആർ.ടി.സിയുടെ മുൻകാല ഇടപെടലുകളെ കുറി



ച്ച് വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു.

ഉദ്ഘാടനച്ചടങ്ങിന് ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള സ്വാഗതം പറഞ്ഞു. തുടർന്ന് ശ്രീ.എം.കെ. നാരായണൻ (പ്രസിഡന്റ്, പുതുപ്പരിയാരം), അഡ്വ.കെ.രാധിക (മെമ്പർ, ജില്ലാ പഞ്ചായത്ത്), ശ്രീ.എം.ദിനേശ് (മെമ്പർ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്), ശ്രീമതി. പി.ആർ. ബിന്ദു (വാർഡ് മെമ്പർ, മുണ്ടൂർ ഗ്രാമപഞ്ചായത്ത്) എന്നിവർ ചടങ്ങിന് ആശംസ നേർന്നു സംസാരിച്ചു. ഐ.ആർ.ടി.സി രജിസ്ട്രാർ ശ്രീ. പി.കെ.നാരായണൻ നന്ദി പ്രകാശിപ്പിച്ചു.




ഡോ.സുരേഷ് ദാസ് പുസ്തകപ്രകാശനം നിർവഹിക്കുന്നു

ഉദ്ഘാടന ചടങ്ങിന് ശേഷം ശ്രീ.ഭഗവതീശ്വരൻ (സെന്റർ ഫോർ സോഷ്യൽ ഡവലപ്പ്മെന്റ്, തമിഴ്നാട്) പരമ്പരാഗത കളിമൺ വ്യവസായത്തെ കുറിച്ച് ക്ലാസ് നയിച്ചു. ബെൽഗാം പോട്ടറി സെന്ററിൽ നിന്നെത്തിയ ശ്രീ.മഹാരാജ ഒരേ മോൾഡിൽ നിന്ന് നിരവധി ഉല്പന്നങ്ങൾ നിർമിക്കാവുന്ന സ്ലിപ്കാസ്റ്റിംഗ് എന്ന സാങ്കേതികവിദ്യയിൽ പരിശീലനം നൽകി.

രണ്ടാം ദിവസം മോൾഡ് നിർമാണവും സ്മോക് ഫയറിംഗ് സാങ്കേതികവിദ്യയുമാണ് പരിശീലിപ്പിച്ചത്. കളിമൺ ഉല്പന്നങ്ങളെ കറുപ്പിച്ച് മനോഹരമാക്കുന്ന സാങ്കേതികവിദ്യയാണ് സ്മോക്ഫയറിംഗ്. ഏറണാകുളത്തെ TerraCrafts എന്ന സ്ഥാപനത്തിൽ നിന്നെത്തിയ ശ്രീ. ജയൻ ആയിരുന്നു ഇതിന്റെ പരിശീലകൻ. കൂടാതെ പോട്ടറിവീൽ പ്രവർത്തിപ്പിക്കാനും ശില്പശാലാ അംഗങ്ങളെ പരിശീലിപ്പിച്ചു. ഗോപകുമാർ.പി, സുബേഷ് തുടങ്ങിയവർ ഇതിന് സഹായം നൽകി. മൂന്നും നാലും ദിവസങ്ങളിൽ കളിമണ്ണുകൊണ്ടുള്ള ആഭരണ നിർമാണത്തിലും ഡെക്കോപാഷ് നിർമാണത്തിലും മ്യൂറൽ വർക്കിലുമാണ് പരിശീലനം നൽകിയത്. ബംഗളൂരു ക്ലേസ്റ്റേഷനിൽ നിന്നെത്തിയ അനിത, ലക്ഷ്മി എന്നിവരും സ്ഥാപനത്തിന്റെ ഡയറക്ടർ ഗണേഷ് മാണിക്യവാസകവും നേതൃത്വം നൽകിയ സെഷനിൽ നിരവധി വ്യത്യസ്ത ആഭരണങ്ങൾ പരിശീലാംഗങ്ങൾ നിർമിച്ചെടുത്തു. ഡെക്കോപാഷ് പരിശീലനത്തിന് ശ്രീമതി. രമ, ശ്രീമതി.പുഷ്പ, ശ്രീമതി.യശോദ എന്നിവർനേതൃത്വം നൽകി. ശില്പശാലാ അംഗങ്ങൾക്ക് ആവേശം പകർന്ന മ്യൂറൽ വർക്കിൽ പരിശീലനം നൽകിയത് ആർട്ടിസ്റ്റുകൂടിയായ ശ്രീ. രഗീഷ് ആണ്.

കൂടാതെ നാലാം ദിവസം ശില്പശാലയുടെ ഭാഗമായി നടന്ന സിമ്പോസിയത്തിൽ 'കളിമൺ ഉല്പന്നങ്ങളുടെ ബ്രാന്റിംഗും വിപണനവും' എന്ന വിഷയത്തിൽ സംസ്ഥാന പിന്നോക്കസമുദായ വികസനവകുപ്പ് മുൻ ഡയറക്ടറായിരുന്ന ശ്രീ.വി.ആർ.ജോഷിയും, തുടർന്ന് കളിമൺ ഉല്പന്ന നിർമാതാക്കൾക്കുള്ള സർക്കാർ പദ്ധതികളെക്കുറിച്ച് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ഓഫീസറായ ശ്രീ.സി.എം.അശോകനും അവതരണം നടത്തി.




ശ്രീ.കെ.വി.ജോഷി (ഇടത്), ഡോ.ഭഗവതീശ്വരൻ എന്നിവർ ക്ലാസ് നയിക്കുന്നു


പരിശീലനത്തിൽ നിന്ന്

അഞ്ചാം ദിവസം നടന്ന സമാപന ചടങ്ങിൽ ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു.

അഞ്ചു ദിവസം വളരെ ഫലപ്രദമായിരുന്നെന്നും, ഐ.ആർ.ടി.സിയുടെ ഇതുപോലുള്ള ഇടപെടലുകൾ ഇനിയുമുണ്ടാകണമെന്നും, അതിനായി തങ്ങളുടെ പൂർണ സഹകരണം ഉണ്ടാകുമെന്നും ശില്പ ശാലയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. സമാപന ചടങ്ങിന് ഐ.ആർ.ടി.സി രജി സ്ട്രാർ ശ്രീ. പി.കെ.നാരായണൻ നന്ദി പ്രകാശിപ്പിച്ചു.

## ഐ.ആർ.ടി.സി തനതായി EM Solution വികസിപ്പിച്ചെടുത്തു

ഇഫക്ടീവ് മൈക്രോ ഓർഗാനിസം (സൂക്ഷ്മാണു ലായനി) എന്നതിന്റെ ചുരുക്കപ്പേരാണ് EM Solution ഇതിൽ സൂക്ഷ്മജീവികളാണ് അടങ്ങിയിരിക്കുന്നത്. ചാണകത്തിൽ കാണുന്ന ഈ സൂക്ഷ്മജീവിയെ എടുത്താണ് ലായനി നിർമിക്കുന്നത്. ബാസിലസ് സബിറ്റിലസ് എന്ന സൂക്ഷ്മജീവിയെയാണ് ഇതിനായി ഉപയഗിക്കുന്നത്. ജൈവമാലിന്യ സംസ്കരണത്തിനാണ് ഈ സൂക്ഷ്മാണു ലായനി ഉപയോഗിക്കുന്നത്. ഓരോ ദിവസത്തേയും ജൈവാവശിഷ്ടങ്ങൾക്കു 5.ml/kg EM ലായനിയാണ് ഉപയോഗിക്കുന്നത്. നഗരപ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റിൽ ചാണകത്തിന്റെ അളവ് കുറക്കാനായിട്ടും ഇത് നമുക്ക് ഉപയോഗിക്കാം.

മാലിന്യസംസ്കരണം വലിയ പ്രശ്നമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ EM എന്ന നൂതന രീതികളിലൂടെ മാലിന്യത്തെ ജൈവവളമായി എളുപ്പത്തിൽ രൂപപ്പെടുത്താവുന്നതാണ്. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതിയുടെ ധനസഹായത്തോടെ നടത്തിയ പ്രോജക്ടിലൂടെയാണ് ഐ.ആർ.ടി.സി തനതായ EM Solution വികസിപ്പിച്ചെടുത്തത്

## വീടുകളിൽ മഴവെള്ളക്കൊയ്ത്തിനായി ഫിൽറ്റർ യൂണിറ്റ് വികസിപ്പിച്ചു



മഴവെള്ളത്തെ വീടിന്റെ മേൽക്കൂരയിൽ നിന്ന് ഗട്ടർ വഴി പി.വി.സി പൈപ്പ് ഉപയോഗിച്ച് നിർമിച്ച ഫിൽറ്ററിലൂടെ ശുദ്ധീകരിച്ച് കിണറിലേക്ക് റീച്ചാർജ് ചെയ്യുന്ന രീതിയിലാണ് ഇത് സജ്ജീകരിച്ചിട്ടുള്ളത്. കുറഞ്ഞ സമയത്തിലും, വളരെ കുറഞ്ഞ നിർമാണച്ചെലവിലും തയ്യാറാക്കാവുന്നതാണ് ഐ.ആർ.ടി.സി വികസിപ്പിച്ച ഈ ഫിൽറ്റർ യൂണിറ്റ്. 4 ഇഞ്ച് വ്യാസവും 45 സെ.മീ നീളവുമുള്ള പി.വി.സി പൈപ്പ് ആണ് ഇതിന്റെ പ്രധാനഭാഗം. 1000 ചതുരശ്ര അടിയുള്ള മേൽക്കൂരയ്ക്ക് ഇതുപോലെ നാല് ഫിൽറ്റർ യൂണിറ്റുകൾ ഉപയോഗിക്കാം. ഫിൽറ്റർ മീഡിയ ഇടയ്ക്കിടയ്ക്ക് എടുത്തു കഴുകി വൃത്തിയാക്കി റീഫിൽ ചെയ്ത് ഉപയോഗിക്കാം എന്നത് ഈ യൂണിറ്റിന്റെ സവിശേഷതയാണ്.

1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മേൽക്കൂരയിൽ ഇത്തരത്തിൽ ഫിൽറ്റർ യൂണിറ്റ് തയ്യാറാക്കാൻ 4000 രൂപ മാത്രമാണ് ചിലവ്. ഈ സംവിധാനത്തിന്റെ ഗവേഷണവും വികസിപ്പിച്ചെടുക്കലും സാധ്യമായത് ഐ.ആർ.ടി.സി-നബാർഡ്-പരിഷത്ത് ജില്ലാകമ്മിറ്റി (പാലക്കാട്) എന്നിവർ സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ വഴിയാണ്. ചിറ്റൂർ ഗവൺമെന്റ് കോളേജിലെ ഡോ.വാസുദേവൻപിള്ളയുടെ സാങ്കേതികസഹായവും മേൽനോട്ടവും ഈ ഫിൽറ്റർ യൂണിറ്റ് വികസിപ്പിക്കാൻ പ്രേരണയായിട്ടുണ്ട്.




## സമതയുടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ധനമന്ത്രി ഡോ. .ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു

ആഗോളവത്കരണത്തിനും ബഹുരാഷ്ട്ര കുത്തകളുടെ ചൂഷണത്തിനുമെതിരെ തദ്ദേശീയ സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ സാദ്ധ്യമായ പ്രാദേശിക ബദൽ ഉല്പാദന, ഉപഭോഗസംസ്കാരം വളർത്തിയെടുക്കണമെന്ന് ധനമന്ത്രി ഡോ.തോമസ് ഐസക് അഭിപ്രായപ്പെട്ടു. കേരളത്തിലടക്കം ബഹുരാഷ്ട്ര കുത്തകളുടെ ചൂഷണത്തിന്റെ ഏറ്റവും വലിയ മേഖലയാണ് സോപ്പടക്കമുള്ള ശുചിത്വ-സൗന്ദര്യ സംവർദ്ധക വസ്തുക്കൾ. ഇവയിൽ പലതും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രാദേശികമായി ഉല്പാദിപ്പിക്കാൻ കഴിയുന്നതാണെന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് കേരളത്തിലെ ജനങ്ങൾക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്. പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ സമത വെബ്സൈറ്റും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമും ഡിസംബർ 4 ന് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാട്ടിൽ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണകൊണ്ടാണ് ഏറ്റവും നല്ല സോപ്പുല്പാദിപ്പിക്കാവുന്നത്. അതിന് സഹായകരമായ കിറ്റുകൾ സമത ലഭ്യമാക്കുന്നുണ്ട്. അത് സ്വന്തം നിലയിലുപയോഗിക്കുന്നതോടൊപ്പം സോപ്പടക്കം നിരവധി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ വളർന്നു വരണം. അതിനുള്ള മാതൃകയും നേതൃത്വവും സമതയും പരിഷത്തും ഏറ്റെടുക്കണമെന്നും ഐസക് പറഞ്ഞു. പാലക്കാട് മുണ്ടൂരിലെ സമത കാമ്പസിൽ ചേർന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.ശാന്തകുമാരി അധ്യക്ഷത വഹിച്ചു. സമത പുതിയതായി വിപണിയിലിറക്കുന്ന പ്രീമിയം സോപ്പുകളുടെ വിതരണോദ്ഘാടനം പ്രൊഫ. പി.കെ.രവീന്ദ്രന് നൽകി മന്ത്രി നിർവഹിച്ചു. പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ വി.ജി.ഗോപിനാഥൻ സ്വാഗതവും, ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള നന്ദിയും പറഞ്ഞു.



ധനമന്ത്രി ഡോ. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

### സമത ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ

മികച്ച ഗുണമേന്മയുള്ള സമ ത ഹാൻമെയിഡ് സോപ്പുകളും മറ്റു ഉല്പന്നങ്ങളും ഇനിമുതൽ ഓൺലൈൻ വിപണിയിലും ലഭ്യമാണ്.

amazon, snapdeal, paytm, shopeclues എന്നീ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലാണ് ഉല്പന്നങ്ങൾ ലഭ്യമാവുക.

കൂടുതൽ വിവരങ്ങൾക്ക് *www.samataproducts.com*-ൽ സന്ദർശിക്കുക.



സമത ഓൺലൈൻ വിപണിയിലെത്തിച്ച പ്രീമിയം സോപ്പുകൾ

## അട്ടപ്പാടിയിലെ 'വാടി' പദ്ധതി പുരോഗമിക്കുന്നു (TDF Project)





അട്ടപ്പാടിയിൽ ഐ.ആർ.ടി.സി-നബാർഡ് സംഘം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു

ആദിവാസി സമൂഹത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നബാർഡിന്റെ നേതൃത്വത്തിൽ ട്രൈബൽ ഡവലപ്പ്മെന്റ് ഫണ്ടുപയോഗിച്ച് അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ നടന്നുവരുന്ന പ്രവർത്തന മാണ് 'വാടി'. പുതൂർ പഞ്ചായത്തിലെ 8 ആദിവാസി ഊരുകളിലെ 401 കുടുംബങ്ങൾക്കു വേണ്ടി ഒരു കുടുംബത്തിന് ഒരേക്കർ സ്ഥലത്ത് ഫലവൃക്ഷത്തൈകളും മറ്റു തടിമരങ്ങളും നട്ടുവളർത്തുകയും, അതുവഴി ഹരിത വനവത്കരണവും ഭക്ഷ്യലഭ്യതയും ഉറപ്പാക്കുക, ജീവനോപാധി മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്. പദ്ധതിനിർവഹണം നടത്തുന്നത് ഐ.ആർ.ടി.സി ആണ്.

പുതൂർ പഞ്ചായത്തിലെ ചീരക്കടവ്, പാലൂർ, ബൊമ്മിയാംപടി, ധാന്യം, കൽപ്പെട്ടി, ആനക്കല്ല്, വീട്ടിയൂർ, മഞ്ചിക്കണ്ടി എന്നീ ഊരുകളിലെ 250-ൽപ്പരം കുടുംബങ്ങളെ കേന്ദ്രീകരിച്ച് ഇതിനോടകം 43,335 തൈകൾ നട്ടുപിടിപ്പിച്ച് കഴിഞ്ഞു. ഐ.ആർ.ടി.സിയുടെ സാങ്കേതിക മേൽനോട്ടത്തിൽ അതാത് കുടുംബങ്ങൾ തന്നെയാണ് ഇവയുടെ പരിചരണം നടത്തിവരുന്നത്. കൂടാതെ, അട്ടപ്പാടി മേഖലയിലെ ആദിവാസി സമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം, പ്രകൃതിവിഭവ ലഭ്യത, കൃഷി മുതലായ ജീവനോപാധി മേഖലകളിലും സാങ്കേതിക സഹായം നൽകിവരുന്നു.

## Emeritus scientist scheme : Bamboo Project

ഈ പ്രോജക്ടിന്റെ ഭാഗമായി ഇരട്ടക്കുളത്തുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികളുമായി സംവദിച്ച് അവർക്കൊരു പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി. പരമ്പരാഗത മുള ഉൽപന്നങ്ങളായ വട്ടി, മുറം, കുട്ട എന്നിവയ്ക്ക് പുറമേ പുതിയ ഉൽപന്നങ്ങൾ അവർക്ക് പരിചയപ്പെടുത്താനായി വയനാട്ടിൽ നിന്നുള്ള രണ്ടു പരിശീലകർ എത്തി. കൂട്ടത്തിൽ നിന്നും പ്രാവീണ്യമുള്ള അഞ്ചു നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് ദ്വിദിന പരിശീലനം നൽകി. നോട്ട് പാഡ്, കവർ, ലോണ്ട്രി ബാസ്കറ്റ്, ചപ്പാത്തി ബാസ്കറ്റ്, പൂക്കൂട, പഴക്കൂട എന്നീ വിപണന മൂല്യമുള്ള നൂതന ഉൽപന്നങ്ങൾ ഉണ്ടാക്കാൻ അവരെ പ്രാപ്തരാക്കി. മുളയുൽപന്നങ്ങളിലെ മനോഹരമായ പെയിന്റിംഗ് അവതരിപ്പിച്ചു. ഇവയുടെ വിപണന മൂല്യം പറഞ്ഞു മനസ്സിലാക്കുകയും മറ്റു തൊഴിലാളികളെക്കൂടി ഇതിലേക്ക് ആകർഷിക്കാൻ ശ്രമിക്കുകയും ചെയ്തു. ഒരു മെച്ചപ്പെട്ട ജീവിത നിലവാരത്തിലെത്താനും അന്യംനിന്നു പോകുന്ന പരമ്പാഗത കുലത്തൊഴിൽ സംരക്ഷിക്കാനും ഇതു വഴി സാധ്യമാവും.

മുളയുടെ സാധ്യത മനസ്സിലാക്കാനായി എത്തിയ രണ്ടു കർഷകർക്ക് അവർക്കുതകുന്ന നല്ലയിനം മുളകൾ പരിചയപ്പെടുത്തുകയും അത് നടുന്നതിനാവശ്യമുള്ള മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് കർഷകരുടെ സഹകരകരണത്തോടെ പെരിന്തൽമണ്ണയിലെ മുണ്ടേക്കാട്ട് 200 ഉം മഞ്ചേരിയിലെ ചേറാൻകുത്തിൽ 50 ഉം മുളത്തൈകൾ വച്ചുപിടിപ്പിച്ചു.





# സുസ്ഥിര അരി വിപണിയിലെത്തിച്ചു




പാലക്കാട് ജില്ലയിലെ നബാഡിന്റെ സമഗ്ര നീർത്തട വികസനപദ്ധതിയുടെ ഭാഗമായി 45 നീർത്തടങ്ങളിൽ റിസോഴ്സ് സപ്പോർട്ട് നൽകിയത് ഐ.ആർ.ടി.സി ആണ്. ഇതിന്റെ കാലാവധി 2014ന് അവസാനിച്ചിരുന്നു. അതിനു ശേഷം, കാർഷികരംഗത്തെ തുടർ ഇടപെടലിനായി ഒരു ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിക്കാൻ നബാർഡ് ഐ.ആർ.ടി.സിയോട് ആവശ്യപ്പെട്ടു.

ഇതിന്റെ ഭാഗമായി 2016 മാർച്ച് 15ന് കമ്പനീസ് ആക്ട് -2013 പ്രകാരം സുസ്ഥിര ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു. പാലക്കാട് ജില്ലയിലെ 1000 കർഷകരിൽ നിന്ന് 1000 രൂപ വീതം ശേഖരിക്കുന്ന ഓഹരിതുകയായ 10 ലക്ഷം രൂപയാണ് കമ്പനിയുടെ അംഗീകൃത മൂലധനം. ഇതുകൂടാതെ നീർത്തടവികസന കമ്മിറ്റികൾ പോലുള്ള സ്ഥാപനങ്ങൾക്കും വിവിധ വ്യക്തികൾക്കും കമ്പനിയുടെ ഷെയറുകൾ നിബന്ധനകളോടെ വിതരണം ചെയ്യുന്നുണ്ട്.

ഈ പ്രവർത്തനത്തിന്റെ തുടർച്ചയായി ഐ.ആർ.ടി.സിയ്ക്ക് സമീപമുള്ള വാളയക്കാട് 25 ഏക്കറോളം നെൽവയലിൽ നെൽകൃഷി നടത്തുകയും വിളവെടുത്ത നെല്ല് പൂർണമായും സംഭരിക്കുകയും ചെയ്തു. 1 കിലോ നെല്ലിന് 22.50 രൂപയ്ക്കാണ് സംഭരിച്ചത്. പിന്നീട് 'സുസ്ഥിര പാലക്കാടൻ മട്ട' എന്ന പേരിൽ 16.5 ടൺ അരി വിപണനം നടത്തി. പ്രധാനമായും ഗ്രാമകല ഔട്ട്‌ലെറ്റ്, കേരളത്തിലെ മുഴുവൻ പരിഷത്ത് ഭവനുകൾ, വിവിധ എൻ.ജി.ഒകൾ എന്നിവ വഴിയാണ് സുസ്ഥിര അരി വിതരണം നടത്തുന്നത്. വരും വർഷങ്ങളിൽ ഇരട്ടി ഉല്പാദനവും വിപണനവും ലക്ഷ്യമിട്ടാണ് Proucers Organization Promoting Institution (POPI) ആയ ഐ.ആർ.ടി.സി പ്രവർത്തിക്കുന്നത്. ഇതിനായുള്ള ഗവേഷണപഠനങ്ങൾ DST Core Project Team ആണ് നടത്തിയത്.




For sale enquiries, please call: 0491-2832324 & 9446994927

*Handmade Soaps & other toiletry products*
*Food products* *Rural handicrafts*
**Graamakala outlet**
@IRTC Jubilee Campus
Mundur



## പുതുക്കോട് പോട്ടറി ക്ലസ്റ്റർ സ്ഥാപിച്ചു

ഐ.ആർ.ടി.സിയുടെ പോട്ടറിരംഗത്തെ ഇടപെടലിന്റെ ഭാഗമായാണ് DST-യുടെയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റേയും സാമ്പത്തിക സഹായത്തോടെ പുതുക്കോട് പോട്ടറി ക്ലസ്റ്റർ സ്ഥാപിച്ചത്. Updraught Kiln, Ovel shape Kiln എന്നീ രണ്ട് വിധത്തിലുള്ള ചൂളകളാണ് പുതുക്കോട് സ്ഥാപിച്ചിട്ടുള്ളത്. താപം പുറത്തുവിടാതിരിക്കാൻ ceramic wool lining ചെയ്ത ചൂള 500 പാത്രങ്ങൾ വരെ ലോഡ് ചെയ്യാവുന്ന വിധത്തിലാണ് ഒരുക്കിയിരിക്കുന്നത്. ഇതുവഴി 25 ശതമാനം വരെ ഇന്ധനക്ഷമത നേടാൻ സാധിക്കുന്നുമുണ്ട്. കൂടാതെ, പോട്ടറി ക്ലസ്റ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒരു പഗ്മില്ലും, മൂന്ന് പോട്ടറിവീലുകളും കോളനികളിൽ വിതരണം ചെയ്യുവാനും സാധിച്ചു.


പോട്ടറി വീൽ


പഗ് മിൽ



High Efficient Kiln

## GIS പരിശീലനം

പ്രധാനമായും സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരിശീലനപരിപാടിയാണ് ഐ.ആർ.ടി.സിയുടെ GIS ലാബിൽ നടക്കുന്നത്. കഴിഞ്ഞ കുറച്ചു മാസങ്ങളിൽ തന്നെ നിരവധി വിദ്യാർത്ഥികലും ഗവേഷകരും ഐ.ആർ.ടി.സിയുടെ GIS ലാബിനെ ഉപയോഗപ്പെടുത്തി പരീശീലനം നേടി. മലയാള സർവകലാശാലയിലെ പരിസ്ഥിതിപഠന വിഭാഗം, നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ സമീപകാലത്തു നടന്ന പരിശീലന പരിപാടികളിൽ പങ്കെടുത്തു.

കൂടാതെ മലമ്പുഴയിൽ പ്രർത്തിക്കുന്ന RATTC യുടെ സഹകരണത്തോടെ പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള കൃഷി ഓഫീസർമാർക്കുള്ള ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലായി ഏകദിന GIS പരിശീലനപരിപാടി വിജയകരമായി പൂർത്തീകരിച്ചു.

## ബയോഗ്യാസ് പ്ലാന്റ് പരിശീലനം

മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളെ സജീവമാക്കുന്നതിന് ഒക്ടോബർ 5ന് ഐ.ആർ.ടി.സി Solid Waste Management division ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിൽ പരിശീലനപരിപാടി സംഘടിപ്പിച്ചു. 30 സ്ത്രീകൾ പരിശീലനം നേടി. ലാലൂർ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരും ലാലൂർ മാലിന്യസംസ്കരണ പ്രവർത്തകരും ആണ് ഉണ്ടായിരുന്നത്.

പ്രൊഫ.വി.ആർ.രഘുനന്ദനൻ, വി.ജി.ഗോപിനാഥ്, പ്രൊഫ.ബി.എം.മുസ്തഫ, രാഹുൽ, ദീക്ഷിത് തുടങ്ങിയവർ ക്ലാസുകൾക്കും പരിശീലനങ്ങൾക്കും നേതൃ ത്വം നൽകി.

## നീർത്തട മാസ്റ്റർപ്ലാനുകൾ സമർപ്പിച്ചു

സംയോജിത നീർത്തട പരിപാലന പദ്ധതി(IWMP)യുടെ ഭാഗമായി ഐ.ആർ.ടി.സി പാമ്പാക്കുട, കഞ്ഞിക്കുഴി, ചിറ്റൂർ ബ്ലോക്കുകളുടെ നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചു. ഇവിടങ്ങളിൽ പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

## നീർത്തട കമ്മിറ്റികളുടെ അവലോകനയോഗം

നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി 2009 മുതൽ 2014 വരെയുള്ള കാലയളവിൽ നടപ്പാക്കിയ പദ്ധതികളിലെ 45 നീർത്തട കമ്മിറ്റികളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി ഗ്രേഡ് ചെയ്യുന്നതിനുള്ള ശില്പശാല നവംബർ 19 ന് ഐ.ആർ.ടി.സിയിൽ വെച്ച് നടന്നു. വില്ലേജ് നീർത്തട കമ്മിറ്റികളുടെ (VMC) ഭാരവാഹികൾ, നബാർഡ് പ്രതിനിധികൾ, പദ്ധതിനിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന നീർത്തടങ്ങൾക്ക് രണ്ട് വർഷ കാലാവധിയിൽ പ്രതിവർഷം 4 ലക്ഷം രൂപ വീതം അധിക ഗ്രാന്റ് നൽകാൻ നബാർഡ് തീരുമാനിച്ചു.

## അലങ്കാര മത്സ്യകൃഷി, പരിപാലനം

അലങ്കാര മത്സ്യകൃഷിയുടെ 5 ദിവസത്തെ പരിശീലന പരിപാടി അക്വാകൾച്ചർ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 31 മുതൽ നവംബർ 4 വരെ നടത്തി. എറണാകുളത്തെ സെന്റ് ആൽബർട്ട്സ് കോളേജിലെ എം.എസ്.സി അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ വിഭാഗത്തിലെ 24 വിദ്യാർത്ഥികളാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്. വിവിധയിനം അലങ്കാരമത്സ്യങ്ങളെ തിരിച്ചറിയൽ, വിപണന സാധ്യതകൾ, ജലഗുണനിലവാരം പരിശോധിക്കൽ, അലങ്കാരമത്സ്യങ്ങളുടെ പ്രജനനം, ഭക്ഷണം, സസ്യപ്ലവകങ്ങളുടെയും ജന്തുപ്ലവകങ്ങളുടെയും പരിപാലനം, രോഗനിർണ്ണയവും പരിചരണവും, അക്വാറിയം നിർമാണം എന്നിവയിൽ വിവിധ ക്ലാസുകളും പാനൽ ചർച്ചകളും പരിശീലനങ്ങളുമാണ് അഞ്ച് ദിവസങ്ങളിൽ നടന്നത്. കൂടാതെ മലമ്പുഴയിലെ ദേശീയ ഭക്ഷ്യമത്സ്യ വിത്തുല്പാദന കേന്ദ്രം പരിശീലനാംഗങ്ങൾ സന്ദർശിക്കുകയും ശുദ്ധജലമത്സ്യങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തുകയും ചെയ്തു. അതിനുശേഷം അലങ്കാരമത്സ്യങ്ങളുടെ വിത്തുല്പാദന ഫാമും പ്രദർശനകേന്ദ്രവും സന്ദർശിച്ചു. പരിശീലനത്തിന്റെ അവസാന ദിവസം ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## MNREGS ശില്പശാല

പാലക്കാട് ജില്ലയിലെ MNREGS -ന്റെ പ്രവർത്തനങ്ങളുടെ ഏകോപനം ലക്ഷ്യമിട്ടുള്ള ശില്പശാല നവംബർ 30, ഡിസംബർ 1 എന്നീ തീയതികളിലായി സെമിനാർ ഹാളിൽ വെച്ച് നടന്നു. MNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.സലീം ശില്പശാല ഉദ്ഘാടനം ചെയ്തു. ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.സജിത്, ഡെപ്യൂട്ടി ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.ബാലചന്ദ്രൻ, ശ്രീ.ഷാജി, ജില്ലാതല ഉദ്യോഗസ്ഥർ, പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർ, ഓവർസിയർമാർ എന്നിവർ രണ്ടു ദിവസത്തെ ശില്പശാലയിൽ പങ്കെടുത്തു.

## ഫിൽറ്റർയൂണിറ്റ് നിർമാണത്തിൽ സംസ്ഥാനതല ശില്പശാല

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ, മഴവെള്ളക്കൊയ്ത്തിനായി ഐ.ആർ.ടി.സിയിൽ വികസിപ്പിച്ചെടുത്ത ഫിൽറ്റർ യൂണിറ്റിന്റെ നിർമാണപരിശീലനം നവംബർ 20 ന് കാമ്പസിൽ വെച്ച് നടന്നു. വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 15 പ്രതിനിധികൾ പരിശീലനത്തിൽ പങ്കെടുത്തു. വ്യത്യസ്ത ജലസംരക്ഷണമാർഗങ്ങളെ കുറിച്ചും പ്രാധാന്യത്തെ കുറിച്ചും സീനിയർ ഫെല്ലോ ആർ.സതീഷ് ക്ലാസ് നയിച്ചു. ഐ.ആർ.ടി.സി എഞ്ചിനീയർമാരായ രംഗസ്വാമി, ഇന്ദ്രജിത്ത് എന്നിവർ നിർമാണപരിശീലനത്തിന് നേതൃത്വം നൽകി.

**Trainings available @IRTC**

*Mushroom cultivation*

*Biogas plant management*

*Making of terracotta products*

*Watershed Development Plan*

*Panchayath Resource Mapping*

*Awareness Creation on women's-health and Women Empowerment*

*Training on Peoples' Planning at Panchayath Level*

*Soap making*

## ദേശീയ ശാസ്ത്രദിനാചരണം 2016




2016-ലെ ദേശീയ ശാസ്ത്രദിനത്തിന്റെ മുദ്രാവാക്യം "ശാസ്ത്ര-സാങ്കേതികാനുബന്ധ കണ്ടെത്തലുകൾ ഇന്ത്യയിൽ" എന്നതാണ്. ഈ പശ്ചാത്തലത്തിൽ "ആരോഗ്യമുള്ളൊരു ഭൂമിയ്ക്കായി കാർബൺ ലഘൂകരണം" എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഐ.ആർ.ടി.സി സെമിനാർ സംഘടിപ്പിച്ചു. പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലെ കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസറായ പ്രൊഫ. പത്മകുമാർ സെമിനാർ ഉദ്ഘാടനം നിർവഹിച്ചു. ഭീമമായ കാർബൺ പുറന്തള്ളലിന്റെ പ്രത്യാഘാതവും കാരണവും, കാർബൺ ലഘൂകരണത്തിന്റെ അനിവാര്യതയും അദ്ദേഹം വിശദീകരിച്ചു. Zero carbon housing, zero energy building, carbon foot print, green house gases എന്നീ വിഷയങ്ങളും അതിന്റെ പ്രാധാന്യവും അദ്ദേഹം അവതരിപ്പിച്ചു. ലഘു സംവാദമായാണ് ഉദ്ഘാടന ക്ലാസ് അവസാനിച്ചത്.

പ്രശസ്ത ഇന്ത്യൻ ശാസ്ത്രജ്ഞൻ സി.വി.രാമന്റെ ജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ഗവേഷണ സംഭാവനകളെക്കുറിച്ചും ഐ.ആർ.ടി.സി റിസേർച്ച് കോ-ഓഡിനേറ്റർ പ്രൊഫ. ബി.എം.മുസ്തഫ മുഖ്യപ്രഭാഷണം നടത്തി. വിദ്യാർത്ഥികളും സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടെ ദിനാചരണത്തിൽ 60 പേർ പങ്കെടുത്തു.




## ശുദ്ധജലസംരക്ഷണത്തിനായി ആധുനിക സാങ്കേതികവിദ്യകൾ

കേരളത്തിലെ മഴക്കുറവ് മൂലമുണ്ടായ അപ്രതീക്ഷിത ജലദൌർലഭ്യമാണ് ഇത്തവണത്തെ സാങ്കേതികവിദ്യാ ദിനത്തെ 'ജലം' എന്ന ആശയത്തിലേക്ക് എത്തിച്ചത്. കൊടുംവരൾച്ചയാണ് ഈ വർഷം പാലക്കാട് ജില്ല നേരിട്ടത്. അതിനാൽ മഴവെള്ളക്കൊയ്ത്തും ജലസംരക്ഷണവുമാണ് ഇത്തവണത്തെ ദിനാചരണവുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ. ഇതിന്റെ ഭാഗമായി ദേശീയ സാങ്കേതികവിദ്യാ ദിനത്തിൽ (മെയ് 7) ഐ.ആർ.ടി.സി കാമ്പസിൽ "ശുദ്ധജലത്തിനായി സാങ്കേതികവിദ്യകൾ" എന്ന പേരിൽ സെമിനാറും തുടർന്ന് പരിശീലന പരിപാടിയും സംഘടിപ്പിച്ചു. ദിനാചരണ പരിപാടി ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ പിള്ള ഉദ്ഘാടനം ചെയ്തു.

## ലോകപരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി "പുഴസംരക്ഷണം ഭാവിതലമുറയ്ക്ക്" എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് KSCSTE, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ഐ.ആർ.ടി.സി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു പ്രചാരണ പരിപാടി സംഘടിപ്പിച്ചു. മണ്ണാർക്കാട് താലൂക്കിലെ മുഴുവൻ ജനങ്ങളുടെയും ജീവനാഡികളായി വർത്തിക്കുന്ന കുന്തിപ്പുഴയുടെ തീരത്തുകൂടിയുള്ള രണ്ട് പുഴയോര യാത്രയും അന്വേഷണവുമാണ് ജൂൺ 18ന് സംഘടിപ്പിച്ചത്.

ചെർപ്പുളശ്ശേരി, മണ്ണാർക്കാട് എന്നീ വിദ്യാഭ്യാസ ജില്ലകളിലുൾപ്പെടുന്ന വെള്ളിനേഴി ഹയർ സെക്കണ്ടറി സ്കൂൾ, കുണ്ടൂർക്കുന്ന് ടി.എൻ.എം ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ എൻ.എസ്.എസ് വളണ്ടിയർമാരും അധ്യാപകരും ഐ.ആർ.ടി.സി വിദഗ്ധരും മേഖലയിലെ പരിഷത്ത് പ്രവർത്തകരുമായിരുന്നു ഈ പരിപാടിയിൽ പങ്കെടുത്തത്.

മണ്ണാർക്കാട് മേഖലയിലെ കുന്തിപ്പുഴയോരത്ത് നടന്ന പരിപാടിയിൽ ഐ.ആർ.ടി.സിയിലെ ആർ.സതീഷും ചെർപ്പുളശ്ശേരി മേഖലയിലെ പരിപാടിയിൽ പരിഷത്ത് പ്രവർത്തക എൻ.എം.ഗീതയും പുഴപരിസ്ഥിതിയെക്കുറിച്ചും സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ് നയിച്ചു.

## കാലാവസ്ഥാ വ്യതിയാനം: GCF ലേക്ക് പ്രൊജക്ട് സമർപ്പിച്ചു

പാലക്കാട് ചുരപ്രദേശം സവിശേഷമായ ഒരു കാലാവസ്ഥാ മേഖലയാണ്. മൺസൂൺ മേഘങ്ങൾ ചുരത്തിലൂടെ തമിഴ്നാട്ടിലേക്ക് കടന്നു പോകുന്നത് കാരണം ഈ പ്രദേശത്ത് മഴക്കുറവ് അനുഭവപ്പെടുന്നു. വേനൽക്കാലത്ത് ഉയർന്ന ഊഷ്മാവും വേഗതയേറിയ കാറ്റും ഇവിടുത്തെ ജലലഭ്യതയെ കുറയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന രണ്ട് പ്രദേശങ്ങളിലൊന്നായി ഈ സ്ഥലത്തെ കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള കേരള സംസ്ഥാന കർമ്മപരിപാടി വിലയിരുത്തുന്നു. ഈ പശ്ചാത്തലത്തിലാണ് പാലക്കാട് ചുരപ്രദേശത്ത് വരുന്ന ചിറ്റൂർ, കൊല്ലങ്കോട്, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകൾക്കായി കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷിതഫലങ്ങൾ കുറച്ച്  മാറിയ കാലാവസ്ഥയോട് പൊരുത്തപ്പെടുന്നതിന് പ്രാഥമിക മേഖലയെ സജ്ജമാക്കുന്നതിനുള്ള ഒരു പ്രോജക്ട് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ പരിഗണനയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്ത്, കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൌൺസിൽ എന്നിവയോട് ചേർന്ന് ഐ.ആർ.ടി.സി സമർപ്പിച്ചു. ഇത് ഇപ്പോൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ് ഉള്ളത്.

**What We Offer:**

**IRTC offers a wide range of facilities support services to students of various Science Courses**

- **Internship Opportunities**
- **Guidance for Projects/Dissertations/ Field Work**
- **Isolation & Purification of Microbes**
- **Identification & Characterisation**
- **Culturing**
  - o Fixed- Pure Culture Techniques
  - o Suspended – Liquid Media
- **Storage & Preservation of Microbial Culture**
- **Quality Analyses & Studies**
  - o Water
  - o Soil
  - o Compost
  - o Oil
  - o Soap
- **Other Laboratory Equipments**
  - o Kjeldal Unit
  - o Flame Photometer
  - o Spectrophotometer
  - o Muffle Furnace
- **GIS training using Free Software**
- **Ornamental and Edible Fisheries**
- **Training and Camping Facilities**
- **Library and Documentation Centre**

## More @IRTC

**Implementation of DST – funded projects**
**Post-Harvest Technologies**
**Medicinal Plant Nursery**
**Grey Water Treatment Plant (ABR)**
**Pipe, Vermi & Windrow Composting**
**Chemical and Environmental Laboratory**
**Microbiology Laboratory**
**Spawn Development Laboratory**
**Weather Station**
**Portable Domestic Biogas Plants**
**Fixed Dome Biogas Plants**
**Biomass Gasification**
**Latrine-linked Biogas Plant**
**Agriculture and Allied Activities**
**Rainwater Harvesting**
**Education Research**
**Laboratories certified by State Pollution Control Board**

